"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, വല്ലങ്ങി വി ആർ സി എം യു പി സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നം. 21442/2020 മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 12.10.2020- തീയതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.146/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 07/01/2022

---

പരാമർശം:-

1. പാലക്കാട്, വല്ലങ്ങി വി ആർ സി എം യു പി സ്കൂൾ മാനേജർ സർക്കാരിൽ ഫയൽ ചെയ്ത 12/09/2020 തീയതിയിലെ നിവേദനം(Ext.P5).
2. ബഹു. കേരള ഹൈക്കോടതിയുടെ 12.10.2020-ലെ W.P.(C) No. 21442/2020 മേലുള്ള വിധിന്യായം.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13/01/2021 തീയതിയിലെ ആർ എ(1)/211293/2020/ഡിജിഇ നമ്പർ കത്ത്.
4. കൊല്ലങ്കോട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 05/01/2021, 13/09/2021തീയതികളിലെ ബി/1442/2020 നമ്പർ കത്തുകൾ.

**ഉത്തരവ്**

പാലക്കാട്, വല്ലങ്ങി വി ആർ സി എം യു പി സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നം. 21442/2020 മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരൻ സമർപ്പിച്ച Ext.P5 നിവേദനം(പരാമർശം 1) ഹർജിക്കാരനെ കേട്ട് തീർപ്പാക്കണമെന്ന് 1 -ാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 16.9.2021 ന് ഗൂഗിൾ മീറ്റ് സംവിധാനം വഴി കേട്ടു.

2. ഹർജിക്കാരന്റെ വാദം ചുവടെചേർക്കുന്നു .

എ) വല്ലങ്ങി വി. ആർ. സി. എം. യു. പി സ്കൂളിന്റെ 2017-18 ലെ തസ്തിക നിർണ്ണയ ഉത്തരവ 07/07/2017 ന് കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ദീ. തീ. ബി./ 1256/2017 എന്ന ഉത്തരവ് പ്രകാരം 16 യു. പി. എസ്. ടി തസ്തികയും 15 എൽ. പി. എസ്. ടി തസ്തികയും മൊത്തം 31 തസ്തിക പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 20/06/2017 ലെ പരിപത്രം നം. എച്ച് 2/34017/17/ഡി. പി. ഐ എന്ന ഉത്തരവ് പ്രകാരം തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനുശേഷം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23/11/2017 ലെ പരിപത്രം നം. എച്ച് 2/81000/17/ഡി. പി. ഐ എന്ന ഉത്തരവ് പ്രകാരവും 07/07/2017 ലെ തസ്തിക നിർണ്ണയ ഉത്തരവിൽ അനുവദിച്ച 16 യു. പി. എസ്. ടി തസ്തികയും 15 എൽ. പി. എസ്. ടി തസ്തികയും മൊത്തം 31 തസ്തികകൾ അനുവദിച്ച് കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നം . ദീ. തീ. ഡി / 1256/2017(1) തീയ്യതി 03/11/2017 എന്ന ഉത്തരവ് പ്രകാരം തസ്തിക നിർണ്ണയ ഉത്തരവ് അനുവദിച്ച ഉത്തരവായിരുന്നു .

ബി) പിന്നീട്, വർഷങ്ങൾക്കു ശേഷം 10/06/2020 ന് കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി/7035(1)/2019 എന്ന ഉത്തരവ് പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കത്ത് നം. ബി. 3/19451/2017 എന്ന ഉത്തരവിനെ ആസ്പദമാക്കി യു. പി. എസ്. ടി 15 തസ്തികയും എൽ. പി. എസ്. ടി 15

തസ്തികയും എന്ന പ്രകാരം മൊത്തം 30 തസ്തികകളായി മുൻപ് അനുവദിച്ചിരുന്ന 31 തസ്തികകളിൽ നിന്നും ഒരു യു. പി. എസ്. ടി തസ്തിക വെട്ടിക്കുറച്ച് പുനർ ഉത്തരവായി. ആയതിന് പ്രധാന കാരണം 5- ാം തരത്തിൽ 165 വിദ്യാർത്ഥികളുടെ അംഗസംഖ്യ പ്രകാരം 6 തസ്തികകൾ അനുവദിച്ചിരുന്നത് 5 തസ്തികകൾക്ക് മാത്രമേ അർഹതയുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഒരു സ്കൂളിന് വേണ്ട നിയമാവലികളും നിലവാരങ്ങളും എന്ന ഉത്തരവിൽ രേഖപ്പെടുത്തിയതിൽ വിദ്യാർത്ഥികളുടെ അംഗസംഖ്യ 150 ന് മുകളിൽ 5+ ഒരു പ്രഥമ അധ്യാപകൻ എന്നാണ് കാണുന്നത്. അത്തരത്തിലുള്ള നിഗമനത്തിലാണ് 31 തസ്തികകൾ അനുവദിച്ചിട്ടുള്ളത്.

സി) തസ്തിക നിർണ്ണയ ഉത്തരവിലെ അപാകതകൾ പരിശോധിക്കുന്നതിന് 10% ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും 100% പരിശോധിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർക്കും കെ. ഇ. ആർ പ്രകാരം അതാത് വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവുകളിലെ അപാകതകൾ പരിശോധിക്കുന്നതിന് അധികാരമുണ്ട്. എന്നാൽ ആയതിന് സമയ പരിധിയും ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. റിട്ട് ഹർജിക്കൊപ്പം സമർപ്പിച്ചിട്ടുള്ള 2004 (2) കെ. എൽ. ടി 1051 എന്ന കോടതി ഉത്തരവിൽ പ്രസ്തുത നിബന്ധന ഉത്തരവായിട്ടുണ്ട്. ഈ വിദ്യാഭ്യാസ സ്ഥാപനത്തിൽ 2017-18 അധ്യയന വർഷത്തിൽ ബോഗസ് അഡ്മിഷൻ നടത്തിയതായോ നടന്നതായോ ഉത്തരവുകളിലൊന്നും പരാമർശിച്ചിട്ടുമില്ല. 07/07/2017 ലെ തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31 തസ്തികകളിൽ അധ്യാപകരെ ഉൾകൊള്ളിച്ച് മാനേജർ അധ്യാപക നിയമനം നടത്തിയിട്ടുണ്ട്. മാത്രവുമല്ല പ്രഥമാധ്യാപകന് ക്ലാസ്സ് ചാർജ്ജിൽ നിന്നും ഒഴിവാക്കിയ തസ്തികയും നിലവിലുണ്ട് . ആയതു കൊണ്ട് When the staff fixation order permits appointment of required number of staff, the manager will have to make the appointment in existing vacancies and exercise of the, power of the manager എന്ന തത്വപ്രകാരം മാനേജർ നിയമിച്ച 01/06/2017 ലെ നിയമനങ്ങൾ 07/07/2017 ലും 03/11/2017 ലും ഉത്തരവായ തസ്തിക നിർണ്ണയ ഉത്തരവുകൾ പ്രകാരം നിയമനങ്ങൾ അംഗീകരിക്കുന്നതിന് ഉത്തരവാകണമെന്നും അപേക്ഷിക്കുന്നു.

ഡി) ഓഡിറ്റ് തടസ്സത്തിൽ സൂചിപ്പിച്ചിട്ടുള്ള ഉറുദു ഫുൾടൈം അധ്യാപക നിയമനം ഉപജില്ലാ വിദ്യാഭ്യാസം അംഗീകരിച്ച ഉത്തരവായതിന് പാർടൈം ഉർദു തസ്തികയായി മാറ്റി ഉത്തരവ് നൽകിയ കെ . ഇ . ആർ അധ്യായം 23 Rule 6C യിലെ പരാമർശം താങ്കളുടെ സൂക്ഷ്മ പരിശോധനയ്ക്കായി താഴെ കൊടുക്കുന്നു .

6. C In an upper primary School or Upper Primary Section of High School, where any of the languages other than regional; languages or mother tongue is first introduced in standard V there shall be not less than [12 pupils] learning the language in that Standard. When once it is introduced in Standard V there shall be atleast half the number of pupils to learn that language in Standard VI or the total number [in Standards V, VI and VII] shall not be less than 30.

ഇ) മേൽ പറഞ്ഞ റൂൾ അനുസരിച്ച് മൊത്തം 5,6,7 എന്നീ ക്ലാസ്സുകളിൽ 34 വിദ്യാർത്ഥികൾ ( 12+10+12) ഉറുദു അധ്യയനം നടത്തുന്നുണ്ട്. ആയതു കൊണ്ട് ഉറുദു തസ്തിക ഫുൾടൈം ആയി അനുവദിച്ച വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതേയുള്ളൂ .

മേൽ പറഞ്ഞ വസ്തുതകൾ പരിശോധിച്ച് 2017-18 ലെ 07/07/2017 ലും 03/11/2017 ലും ഉത്തരവായ തസ്തിക നിർണ്ണയ ഉത്തരവ് നിലനിർത്തി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഡിറ്റ് തടസ്സ പ്രകാരം കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തിക നിർണ്ണയ ഉത്തരവ് ആകെ 31 തസ്തികകൾക്കു പകരം 30 തസ്തികകളായി വെട്ടിക്കുറച്ച നടപടി ഒഴിവാക്കി ഉത്തരവാകണമെന്നും തദനുസരണമുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിനുള്ള ഉത്തരവുണ്ടാകണമെന്നും അപേക്ഷിക്കുന്നു.

3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എ) കൊല്ലങ്കോട് ഉപജില്ലക്ക് കീഴിലുള്ള ഒരു എയ്ഡഡ് യു. പി വിദ്യാലയമാണ് വി. ആർ. സി. എം. യു. പി. എസ് വല്ലങ്ങി. 2017-18 വർഷത്തെ ടി സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം താഴെ പറയും പ്രകാരമാണ് .

| Class | I | II | III | IV | V | VI | VII | Total |
|---|---|---|---|---|---|---|---|---|
| No. of students | 84 | 91 | 120 | 107 | 165 | 148 | 173 | 888 |
| ആയത്തു പ്രകാരം | 3 | 4 | 4 | 4 | 5 | 5 | 5 | 30 |
| അനുവദിച്ച ഡിവിഷൻ | 15 | | | | 15 | | | |

2017-18 വർഷത്തെ കുട്ടികളുടെ എണ്ണ പ്രകാരം എൽ. പി. യിൽ 15 ഡിവിഷനും യു. പി. യിൽ 15 ഡിവിഷനുമാണ് അനുവദിക്കാവുന്നത്. എന്നാൽ 2017-18 വർഷത്തെ തസ്തിക നിർണ്ണയം ഈ കാര്യാലയത്തിൽ നിന്നും തെറ്റായി അനുവദിച്ച് നൽകിയത് താഴെ പറയുന്ന രീതിയിലാണ്.

| Class | I | II | III | IV | V | VI | VII | Total |
|---|---|---|---|---|---|---|---|---|
| No. of students | 84 | 91 | 120 | 107 | 165 | 148 | 173 | 888 |
| അനുവദിച്ച ഡിവിഷൻ | 3 | 4 | 4 | 4 | 6 | 5 | 5 | 31 |
| | 15 | | | | 16 | | | |

അനുവദിച്ച തസ്തികകൾ

HM - 1

LPSA – 15

UPSA – 16

ബി) തസ്തിക നിർണ്ണയ ഉത്തരവ് നം. ദീ. തീ/ബി /1256/2017 തീയതി 07/07/2017 പിന്നീട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23/11/2017 ലെ പരിപത്രം നമ്പർ എച്ച് 2/81000/2017/ഡി.പി.ഐ പ്രകാരം 2017-18 വർഷത്തെ തസ്തിക നിർണ്ണയം ഈ കാര്യാലയത്തിൽ നിന്നും ഉത്തരവ് നമ്പർ ദീ.തീ./ബി/1256/2017(1) തീയതി 03/11/2017 ടി ഉത്തരവ് നമ്പറായി പരിഷ്കരിച്ച് നൽകിയത്. ഈ ഉത്തരവിലും തെറ്റായി ഒരു അധിക ഡിവിഷൻ യു. പി. എസ്. എ തസ്തിക അനുവദിക്കുകയുണ്ടായി.

| Class | I | II | III | IV | V | VI | VII | Total |
|---|---|---|---|---|---|---|---|---|
| No. of students | 84 | 91 | 120 | 107 | 165 | 148 | 173 | 888 |
| അനുവദിച്ച ഡിവിഷൻ | 3 | 4 | 4 | 4 | 6 | 5 | 5 | 31 |
| | 15 | | | | 16 | | | |

തസ്തിക

HM - 1

LPSA – 15

UPSA – 15 എന്ന രീതിയിലാണ്

സി) ഈ കാര്യാലയത്തിൽ നിന്നും 2017-18 വർഷം നടത്തിയ തസ്തിക നിർണ്ണയ ഫയലുകൾ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പരിശോധന നടത്തിയതിന്റെ പരിശോധനാ റിപ്പോർട്ടിൽ വി. ആർ. സി. എം യു. പി. എസ് വല്ലങ്ങിയുടെ 2017-18 വർഷത്തെ തസ്തിക നിർണ്ണയത്തിൽ തടസ്സവാദം ഉന്നയിച്ചിട്ടുണ്ട്. ഡി. ഡി. ഇ പറഞ്ഞിരിക്കുന്ന തടസ്സവാദം 5- ാം ക്ലാസ്സിൽ 1:30 അനുപാത പ്രകാരം 5 ഡിവിഷനു മാത്രമേ അനുവദിക്കാൻ വ്യവസ്ഥയുള്ളൂ. ഡി. ഡി. ഇ പറഞ്ഞിരിക്കുന്ന തടസ്സവാദം നിയമാനുസൃതം ശരിയായതിനാൽ വി. ആർ. സി. എം യു. പി. എസ്. വല്ലങ്ങി സ്കൂളിന് 5- ാം ക്ലാസ്സിൽ 5 ഡിവിഷനാണ് അർഹത . ആയതിനാൽ 2017-18 വർഷം വി. ആർ. സി. എം യു. പി. എസ്. വല്ലങ്ങി സ്കൂളിന് എൽ. പി. യിൽ 15 ഉം യു. പി യിൽ 15 ഉം ആണ് അനുവദിക്കാവുന്ന ഡിവിഷൻ. ആയതുപ്രകാരം 1-HM, 15-LPSA, 14-UPSA എന്നീ തസ്തികയ്ക്കാണ് അർഹത ( ഒരു യു. പി. എസ് എച്ച്. എം ആയി തുടരുന്നതിനാൽ ) ആയതിനാൽ ഈ കാര്യാലയത്തിൽ നിന്നും 2017-18 വർഷത്തെ തസ്തിക നിർണ്ണയം ഡി. ഡി.ഇ യുടെ നിർദ്ദേശത്തിന് വിധേയമായി തിരുത്തി നൽകി ഉത്തരവായത് ക്രമപ്രകാരമാണ്.

ഡി) ആയതു പ്രകാരം 1-HM, 14-LPSA, 15-UPSA ( എൽ. പി. എസ്. എ എച്ച്. എം ആയതിനാൽ ) എന്നിങ്ങനെ തസ്തികയിൽ അനുവദിച്ച് ഉത്തരവ് നൽകി. മാനേജർ ഈ ഉത്തരവിനെതിരെയാണ് സർക്കാരിലേക്ക് ഹർജി സമർപ്പിച്ചിരിക്കുന്നത്. ഈ കാര്യാലയത്തിൽ നിന്നും 2017-18 വർഷത്തെ വി. ആർ. സി. എം യു. പി. എസ് വല്ലങ്ങിയുടെ തസ്തിക നിർണ്ണയത്തിൽ അനുവദിച്ച ഡിവിഷനും തസ്തികയും ക്രമപ്രകാരമല്ലായെന്ന് ഡി. ഡി. ഇ പറയുകയും ആയത് ബോധ്യപ്പെടുകയും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഈ കാര്യാലയത്തിൽ നിന്നും തസ്തിക നിർണ്ണയ ഉത്തരവ് തിരുത്തി നൽകിയത്.

ഇ) ഈ രീതിയിൽ 14 യു. പി. എസ്. എ അനുവദിക്കുമ്പോൾ ഈ സ്കൂളിലെ 01/06/2017 ലെ സ്റ്റാഫ് ലിസ്റ്റ് പ്രകാരം അംഗീകാരം കിട്ടിയ 15 യു. പി. എസ്. എ മാർ ഉണ്ട് . ആയതിൽ ജൂനിയർ ആയ 15- ാമത്തെ യു. പി. എസ്. എ ആയ മിനിജയ്ക്ക് നിലനിൽക്കുവാൻ തസ്തിക ഇല്ലാത്തതായി കാണുന്നു. മിനിജയ്ക്ക് നിയമനം കിട്ടിയത് 08/06/2016 മുതലാണ്. 2016-17 വർഷവും മിനിജയ്ക്ക് നിലനിൽക്കാൻ തസ്തിക ഇല്ലാത്തത് ഡി. ഡി. ഇ യുടെ ആഡിറ്റിൽ തടസ്സവാദം ഉന്നയിച്ചതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാരിയുടെ ശമ്പളം തടഞ്ഞുവെക്കുകയും ചെയ്തിട്ടുണ്ട്. ആയതിനെതിരെ ടിയാരി ഡബ്ല്യൂ പി.( സി ) ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. WP(C) യിലെ ഉത്തരവിന് വിധേയമായി നിലവിൽ ശമ്പളം അനുവദിച്ച് നൽകിയിട്ടുമുണ്ട്.

എഫ്) അതോടൊപ്പം, മാനേജർ ഉറുദു പോസ്റ്റ് പാർട്ട് ടൈം ആക്കിയതിനെയും ഹർജിയിൽ പരാമർശിച്ചിരുന്നു. 2017-18 വർഷത്തെ സ്റ്റാഫ് ലിസ്റ്റ് ആദ്യം നടത്തിയ ഉത്തരവിൽ ഫുൾ ടൈം ആയി തസ്തികയും പിന്നീട് പരിഷ്കരിച്ചതിൽ പാർട്ട് ടൈം ആയാണ് നൽകിയത്. ഉറുദു പഠിക്കുന്ന കുട്ടികളുടെ എണ്ണം.

| 5 | 6 | 7 | Total |
|---|---|---|---|
| 12 | 12 | 12 | 36 |

ആയതിനാൽ പാർട്ട് ടൈം ഉറുദു തസ്തികക്കാണ് അർഹത എന്നുകൂടി അങ്ങയെ അറിയിക്കുന്നു .

ജി) വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തെറ്റായി നൽകിയിരുന്ന തസ്തിക നിർണ്ണയ ഉത്തരവുകൾ തിരുത്തി ഉത്തരവാകുന്നത് കെ. ഇ. ആർ വ്യവസ്ഥകൾക്ക് അനുസൃതമാണ്. അധികമായി അനുവദിച്ചു നൽകിയ തസ്തികയിൽ നിയമനാംഗീകാരം നൽകിയിരുന്നു. നിയമനാംഗീകാരം റദ്ദ് ചെയ്യുന്നതിന് ഡയറക്ടർ മുമ്പാകെ കെ. ഇ. ആർ വ്യവസ്ഥകൾ പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും ബഹു. കേരള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മുകളിൽ പരാമർശിച്ച രണ്ട് പേർക്കും ശമ്പളം നൽകിവരുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്യുന്നു. സർക്കാർ ഉത്തരവ് 149/17, 22/01/2017 ലെ ഉത്തരവിന് വിധേയമായാണ് ഈ സ്കൂളിന്റെ 16-17, 17-18 വർഷങ്ങളിലെ തസ്തിക നിർണ്ണയം നടത്തിയിട്ടുള്ളത്.

ആയതിനാൽ കെ. ഇ. ആർ വ്യവസ്ഥകൾ പാലിച്ചിട്ടില്ലെന്ന മാനേജരുടെ വാദം നിലനിൽക്കുന്നതല്ലെന്നു കൂടി റിപ്പോർട്ട് ചെയ്യുന്നു.

4. സർക്കാർ ഇക്കാര്യം ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പ്രസ്തുത സ്കൂളിന്റെ 2017-18 ലെ തസ്തിക നിർണ്ണയ ഉത്തരവുകൾ രണ്ടു തവണയായി 07/07/2017 ലും 03/11/2017 ലും ഉത്തരവായിട്ടുണ്ടെന്നും ആയവ നിലനിർത്തി നൽകണമെന്നും അവ വർഷങ്ങൾക്കു ശേഷം 10/06/2020 ന് വീണ്ടും പുനഃപരിശോധിച്ച് പുറപ്പെടുവിച്ചതായ ഉത്തരവ് റദ്ദാക്കണമെന്നുമാണ് ഹർജിക്കാരന്റെ ആവശ്യം. ഇക്കാര്യം പരിശോധിക്കുമ്പോൾ 2017-18 ലെ തസ്തിക നിർണ്ണയം നടത്തി 07/07/2017-ൽ ഉത്തരവു പുറപ്പെടുവിച്ചതു പ്രകാരം 16 യു.പി.എസ്.ടി തസ്തികയും 15 എൽ.പി.എസ്.ടി തസ്തികയും (മൊത്തം 31 തസ്തികകൾ) അനുവദിച്ചിട്ടുള്ളതായി കാണുന്നു. പിന്നീട്, പ്രസ്തുത നിർണ്ണയത്തിൽ തെറ്റുപറ്റിയെന്നു ബോദ്ധ്യപ്പെട്ടതായും തന്മൂലം 2017-18 ലെ തസ്തിക പുനർനിർണ്ണയം നടത്തി 03/11/2017-ൽ ഉത്തരവു പുറപ്പെടുവിച്ചതു പ്രകാരം 1 പ്രഥമാദ്ധ്യാപക തസ്തികയും 15 യു.പി.എസ്.ടി തസ്തികയും 15 എൽ.പി.എസ്.ടി തസ്തികയും (മൊത്തം 31 തസ്തികകൾ) അനുവദിച്ചിട്ടുള്ളതായി കാണുന്നു. വീണ്ടും നിർണ്ണയത്തിൽ തെറ്റുപറ്റിയെന്നു ബോദ്ധ്യപ്പെട്ടതായും തന്മൂലം 2017-18 ലെ തസ്തിക പുനർനിർണ്ണയം നടത്തി 10/06/2020-ൽ ഉത്തരവു പുറപ്പെടുവിച്ചതു പ്രകാരം 1 പ്രഥമാദ്ധ്യാപക തസ്തികയും 14 യു.പി.എസ്.ടി തസ്തികയും 15 എൽ.പി.എസ്.ടി തസ്തികയും (മൊത്തം 30 തസ്തികകൾ) അനുവദിച്ചിട്ടുള്ളതായി കാണുന്നു. 10/06/2020-ൽ പുറപ്പെടുവിച്ച ഉത്തരവാണ് ഹർജിക്കിടയാക്കിയത്. ആയതു റദ്ദാക്കി മുൻ ഉത്തരവ് നിലനിർത്തണമെന്ന് ഹർജിക്കാരൻ ആവശ്യപ്പെടുന്നത്.

5. ഹർജിക്കാരൻ ഇക്കാര്യം ആവശ്യപ്പെടുന്നതിന് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത് വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം വിദ്യാർത്ഥികളുടെ അംഗസംഖ്യ 150 ന് മുകളിൽ 5+ ഒരു പ്രഥമ അധ്യാപകൻ എന്നാണ് കാണുന്നത് എന്നും പ്രസ്തുത നിഗമനത്തിലാണ് 31 തസ്തികകൾ അനുവദിച്ചിട്ടുള്ളത് എന്നുമാണ്. ഈ വശം വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ചതായി കാണുന്നില്ല. *"if the strength of pupils exceeds 150 or 100 (as the case may be), one post of LPST/ UPST(as the case may be) shall be sanctioned additionally by exempting the headmaster from class charges"* എന്ന ആശയം ഉൾക്കൊള്ളുന്നതായ കെ.ഇ.ആർ അദ്ധ്യായം XXIII ചട്ടം 1(b)(iii), ചട്ടം 5(iv) എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകൾ ഉൾക്കൊണ്ടുകൊണ്ട് 2017-18 ലെ തസ്തിക പുനർനിർണ്ണയം നടത്തിയിട്ടില്ലെന്നും ബോദ്ധ്യപ്പെടുന്നു.

6. മേൽ വിവരിച്ച സാഹചര്യങ്ങളിൽ കെ.ഇ.ആർ അദ്ധ്യായം XXIII ചട്ടം 1(b)(iii), ചട്ടം 5(iv) എന്നിവിടങ്ങളിൽ വരുത്തിയ ഭേദഗതിയുടെ വെളിച്ചത്തിൽ 2017-18 ലെ തസ്തിക പുനർനിർണ്ണയം നടത്തി **<u>രണ്ടാഴ്ചയ്ക്കുള്ളിൽ</u>** പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം കൊല്ലങ്കോട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകി, പാലക്കാട്, വല്ലങ്ങി വി ആർ സി എം യു പി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext.P5) നിവേദനം തീർപ്പാക്കി അപ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലങ്കോട്, പാലക്കാട് ജില്ല.
മാനേജർ, വി ആർ സി എം യു പി സ്കൂൾ, വല്ലങ്ങി, പാലക്കാട്.

പ്രഥമാദ്ധ്യാപിക, വി ആർ സി എം യു പി സ്കൂൾ, വല്ലങ്ങി, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 07-01-2022 16:36:25
Reason: Approved

സെക്ഷൻ ഓഫീസർ